2025
NOVEMBER
15
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## സൈന്യത്തിന്റെ ആയുധശേഷി വർധിപ്പിക്കും; 2095.70 കോടി രൂപയുടെ കരാർ


**ന്യൂഡൽഹി:** ടാങ്ക് വേധ മിസൈലുകൾ വാങ്ങാൻ സർക്കാർ ഉടമസ്ഥതയിലുള്ള ഭാരത് ഡൈനാമിക്സ് ലിമിറ്റഡുമായി 2095.70 കോടി രൂപയുടെ കരാറിൽ ഒപ്പിട്ടു പ്രതിരോധ മന്ത്രാലയം. ഇൻവാർ ടാങ്ക് വേധ മിസൈലുകളാണ് വാങ്ങുകയെന്നാണ് പ്രതിരോധ മന്ത്രാലയം ഔദ്യോഗിക പ്രസ്താവനയിലൂടെ അറിയിച്ചത്. സൈന്യത്തിന്റെ ആയുധശേഷി വർധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പുതിയ കരാർ.

ഇൻവാർ ടാങ്ക് വേധ മിസൈലുകളുടെ സംഭരണം ടാങ്ക് ടി 90ന്റെ ആക്രമണശക്തിയും പ്രഹരശേഷിയും വർധിപ്പിക്കുമെന്നും ഇത് ഇന്ത്യൻ സൈന്യത്തിലെ കവചിത റെജിമെന്റുകളുടെ പ്രധാന ആശ്രയമായി മാറുമെന്നും ഔദ്യോഗിക പ്രസ്താവനയിൽ പ്രതിരോധമന്ത്രാലയം പറഞ്ഞു. കൂടുതൽ കൃത്യതയോടെ ലക്ഷ്യത്തിലെത്തുന്ന ലേസർ ഗൈഡഡ് ടാങ്ക് വേധ മിസൈലാണ് ടാങ്ക് വേധ മിസൈലുകൾ. എതിരാളികൾക്കെതിരെ കൂടുതൽ കാര്യക്ഷമമായ ആക്രമണത്തിനു സൈന്യത്തെ സഹായിക്കുമെന്നുമാണ് സൈന്യം പ്രതീക്ഷിക്കുന്നത്.

സൈനിക ആവശ്യത്തിനു പൊതുമേഖല സ്ഥാപനങ്ങളുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്താനുള്ള സർക്കാർ തീരുമാനമാണ് ഇത്തരമൊരു കരാറിനു പിന്നിൽ. പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിലൂടെ പ്രതിരോധമേഖലയിൽ ഇന്ത്യയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കാനാകുമെന്നും പ്രതിരോധ മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

## തുർക്കി വ്യോമപാത നിഷേധിച്ചു; ഇന്ത്യൻ കരസേനയ്ക്കായി കൊണ്ടുവന്ന അപ്പാച്ചെ ഹെലികോപ്റ്ററുകൾ യുഎസിലേക്കു മടങ്ങി

**ന്യൂഡൽഹി:** ഇന്ത്യൻ കരസേനയ്ക്കായി പുതിയ അപ്പാച്ചെ ഹെലികോപ്റ്ററുകൾ കൊണ്ടുവന്ന ചരക്കു വിമാനത്തിനു തുർക്കി വ്യോമപാത നിഷേധിച്ചെന്ന് റിപ്പോർട്ട്. ഇന്ത്യൻ കരസേനയ്ക്കുള്ള മൂന്ന് AH 64E അപ്പാച്ചെ ആക്രമണ ഹെലികോപ്റ്ററുകളുമായി ഈ മാസം ഒന്നിന് പറന്നുയർന്ന ചരക്ക് വിമാനം ഇന്ധനം നിറക്കുന്നതിന് ബ്രിട്ടനിലെ ഈസ്റ്റ് മിഡ്‌ലാൻഡ്സ് വിമാനത്താവളത്തിൽ ഇറക്കി. തുടർന്ന് വിമാനത്തിനു ഇന്ത്യയിലേക്ക് തുർക്കി വ്യോമപാത നിഷേധിച്ചുവെന്നാണു സൈനിക ഉദ്യോഗസ്ഥർ പറഞ്ഞത്.



എട്ടു ദിവസം വിമാനത്താവളത്തിൽ അനുമതി കാത്തുകിടന്ന വിമാനം തുടർന്ന് എട്ടിന് യുഎസിലേക്കു മടങ്ങി. ആറ് AH 64E അപ്പാച്ചെ ആക്രമണ ഹെലികോപ്റ്ററുകൾ നൽകാമെന്ന കരാറിന്റെ അടിസ്ഥാനത്തിൽ ബോയിംഗ് ജൂലൈയിൽ ഇന്ത്യൻ കരസേനയ്ക്കു മൂന്ന് ഹെലികോപ്റ്ററുകൾ കൈമാറിയിരുന്നു. അന്ന് വ്യോമപാത ഉപയോഗിക്കാൻ തുർക്കി അനുമതി നൽകിയിരുന്നു.

മുൻനിശ്ചയ പ്രകാരം ബോയിംഗ് കമ്പനി ഈ മാസം കരസേനയ്ക്കു മൂന്നു ഹെലികോപ്റ്ററുകൾ കൈമാറേണ്ടതാണ്. പുതിയ സംഭവത്തോടെ ഇതു വൈകുമെന്നാണു സൂചന. മറ്റൊരു വ്യോമപാതയിലൂടെ ഹെലികോപ്റ്ററുകൾ ഇന്ത്യയിലെത്തിക്കാൻ ശ്രമം തുടരുകയാണ്. ബോയിംഗിന്റെ അപ്പാച്ചെ ഹെലികോപ്റ്റർ 22 എണ്ണം വ്യോമസേനയും മൂന്ന് എണ്ണം കരസേനയും ഉപയോഗിക്കുന്നുണ്ട്.

# സെബിയുടെ മുന്നറിയിപ്പ്: ഡിജിറ്റൽ ഗോൾഡ് കൂട്ടത്തോടെ പിൻവലിച്ച് നിക്ഷേപകർ

**മുംബൈ:** ഡിജിറ്റൽ ഗോൾഡ് നിയന്ത്രണ പരിധിക്ക് പുറത്താണെന്ന് സെബി മുന്നറിയിപ്പ് നൽകിയതോടെ നിക്ഷേപം പിൻവലിക്കുന്നവരുടെ എണ്ണത്തിൽ വൻവർധന. ഫിൻടെക് പ്ലാറ്റ് ഫോമുകളിൽനിന്നുള്ള പിൻവലിക്കൽ മൂന്നിരട്ടിയായതായാണ് റിപ്പോർട്ടുകൾ.



നിക്ഷേപം സെബിയുടെ നിയന്ത്രണത്തിന് കീഴിൽ വരുന്നില്ല. അതിനാൽ പണം തിരികെ കിട്ടുന്നത് സംബന്ധിച്ച് പരിരക്ഷ ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇതാണ് നിക്ഷേപകരെ ആശങ്കയിലാക്കിയത്. സെബിയുടെ നിയന്ത്രണത്തിലുള്ള ഗോൾഡ് ഇടിഎഫ്, ഗോൾഡ് ഫണ്ട് എന്നിവയിലേക്ക് ഏറെപ്പേരും നിക്ഷേപം മാറ്റുകയാണ്.

നവംബർ എട്ടിന് പുറത്തിറക്കിയ അറിയിപ്പിലാണ് ഫിൻടെക് പ്ലാറ്റ്ഫോമുകൾ വാഗ്ദനം ചെയ്യുന്ന ഡിജിറ്റൽ ഗോൾഡ് മാർക്കറ്റ് റെഗുലേറ്ററുടെ പരിധിയിൽ വരുന്നില്ലെന്ന് സെബി വ്യക്തമാക്കിയത്.

സ്വർണത്തിന് ബദലായി അവതരിപ്പിച്ച ഡിജിറ്റൽ ഗോൾഡിനെ സെക്യൂരിറ്റികളായോ കമ്മോഡിറ്റി ഡെറിവേറ്റീവുകളായോ തരംതിരിക്കാത്തതിനാൽ അവ സെബിയുടെ നിയന്ത്രണ പരിധിക്ക് പുറത്താണ്. കെവൈസി മാനദണ്ഡങ്ങൾ കമ്പനികൾ പാലിക്കുന്നുണ്ടോയന്നകാര്യത്തിലും വ്യക്തയില്ല. മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ നടത്തുന്ന ഇടപാടുകളുടെ സാമ്പത്തിക ഉറവിടത്തെക്കുറിച്ചും ആശങ്കകളുണ്ട്.

ഉപഭോക്താക്കളുടെ നിക്ഷേപത്തിന് ആനുപാതികമായി കമ്പനികൾ സ്വർണം ലോക്കറുകളിൽ സൂക്ഷിക്കുന്നുണ്ടോയന്ന കാര്യത്തിലും സംശയം നിലനിൽക്കുന്നു. 2021ലും സെബി സമാനമായ മുന്നറിയിപ്പ് നൽകിയിരുന്നു. സ്വർണത്തിന്റെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ സ്വർണത്തിൽ നിക്ഷേപിക്കുന്നവരുടെ എണ്ണം കൂടിയ സാഹചര്യത്തിലാണ് സെബിയുടെ മുന്നറിയിപ്പ്.

## ഇന്ത്യ സ്കിൽസ് റിപ്പോർട്ട്: ഇന്ത്യയുടെ തൊഴിൽക്ഷമത 56.35 ശതമാനത്തിലെത്തി

**കൊച്ചി:** ഇന്ത്യയുടെ തൊഴിൽക്ഷമത 56.35 ശതമാനത്തിലെത്തിയതായി റിപ്പോർട്ട്. ആഗോള വിദ്യാഭ്യാസം, ടാലന്റ് സൊലൂഷൻസ് എന്നീ രംഗങ്ങളിലെ പ്രമുഖ സംഘടനയായ ഇ.ടി.എസ്, സി.ഐ.ഐ, എ.ഐ.സി.ടി.ഇ, എ.ഐ.യു, ടാഗ്ഗ്ഡ് എന്നിവയുടെ സഹകരണത്തോടെ പുറത്തിറക്കിയ ഇന്ത്യ സ്കിൽസ് റിപ്പോർട്ടിലാണ് രാജ്യത്തിന്റെ തൊഴിൽക്ഷമതയുടെ വളർച്ച 56.35 ശതമാനത്തിലെത്തിയതായി വ്യക്തമാക്കുന്നത്. റിപ്പോർട്ട് പ്രകാരം, ഇന്ത്യയിലെ തൊഴിൽക്ഷമതാ നിരക്ക് 2025ലെ 54.81 ശതമാനത്തിൽ നിന്ന് 56.35 ശതമാനമായി ഉയർന്നിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സ്വാധീനം, ഡിജിറ്റൽ പരിജ്ഞാനം, ആഗോള തൊഴിൽമേഖലയിലെ മാറ്റങ്ങൾ എന്നിവ 'സ്കിൽഫസ്റ്റ്' സമ്പദ്‌വ്യവസ്ഥയിലേക്കുള്ള നിർണായക മുന്നേറ്റമാണ് സൂചിപ്പിക്കുന്നതെന്ന് റിപ്പോർട്ട് പറയുന്നു.




റിപ്പോർട്ട് ലോക തൊഴിൽ വിപണിയിൽ ഇന്ത്യയുടെ വർധിച്ച പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. ഭാവിയിലെ തൊഴിൽരീതിയെ മാറ്റിമറിക്കുന്ന സമാന്തര ശക്തിശക്തി ഇന്ത്യയിൽ നിന്നാണ് രൂപംകൊള്ളുന്നതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നതായി വീബോക്സ് ഇ.ടി.എസ്. സി.ഇ.ഒ.യും ഇന്ത്യ സ്കിൽസ് റിപ്പോർട്ടിന്റെ മുഖ്യസംഘാടകനുമായ നിർമൽ സിംഗ് പറഞ്ഞു

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## ഇടുക്കി ജില്ലയിൽ 5000 കടന്ന് കെഫോൺ കണക്ഷൻ

**ഇടുക്കി:** ഇടുക്കി ജില്ലയിൽ അതിവേഗം മുന്നേറി കെഫോൺ കണക്ഷൻ. സാധാരണക്കാർക്ക് ഏറ്റവും മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം നൽകി വൻ സ്വീകാര്യതയാണ് ഇടുക്കി ജില്ലയിൽ കെഫോണിന് ലഭിച്ചിട്ടുള്ളത്. പദ്ധതി വഴി 5449 കണക്ഷനുകൾ ഇതിനോടകം ജില്ലയിൽ നൽകിയിട്ടുണ്ട്. ജില്ലയിൽ കലക്ടറേറ്റ് ഉൾപ്പടെയുള്ള 1335 സർക്കാർ ഓഫീസുകളിൽ കെഫോൺ നെറ്റ് വർക്കാണ് ഉപയോഗിക്കുന്നത്. കൂടാതെ 402 ഓളം ബിപിഎൽ ഉപഭോക്താക്കൾക്കും കെഫോൺ കണക്ഷൻ നൽകിക്കഴിഞ്ഞു. പ്രാദേശിക ഓപ്പറേറ്റർമാർ വഴിയാണ് വാണിജ്യ കണക്ഷനുകൾ നൽകുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നൂറിലധികം ലോക്കൽ നെറ്റുവർക്ക് ഓപ്പറേറ്റർമാർ ഇതിനായി കെഫോണുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മലയോര പ്രദേശങ്ങളിലെ ജനങ്ങളെയും വിനോദസഞ്ചാര മേഖലയെയും ഡിജിറ്റലൈസ് ചെയ്യുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നുവെന്നും അതിനെ മറികടന്ന് ഇടുക്കിയിൽ 5000 ത്തിലധികം വീടുകൾക്ക് കണക്റ്റിവിറ്റി ഉറപ്പാക്കാനായത് കെഫോൺ പദ്ധതിയുടെ വിജയത്തിന്റെ തെളിവാണെന്നും കെഫോൺ എം.ഡി ഡോ. സന്തോഷ് ബാബു പറഞ്ഞു. സംസ്ഥാനത്തിന്റെ ഓരോ കോണിലും വിശ്വാസയോഗ്യമായ ഇന്റർനെറ്റ് എത്തിക്കുക എന്നതാണ് ലക്ഷ്യം. പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാം. കെ ഫോൺ പ്ലാനുകളെയും ഓഫറുകളേയും കുറിച്ച് കൂടുതൽ അറിയുവാൻ കെഫോൺ ഔദ്യോഗിക വെബ്സൈറ്റായ https://kfon.in/ ൽ സന്ദർശിക്കുകയോ 90616 04466 എന്ന വാട്സ്ആപ്പ് നമ്പരിൽ KFON Plans എന്ന് ടൈപ്പ് ചെയ്ത് മെസേജ് ചെയ്തോ കെഫോൺ പ്ലാനുകൾ അറിയാനാവും.

# ശബരിമല മണ്ഡലകാലം: സൗകര്യങ്ങൾ വിലയിരുത്തി അന്തർസംസ്ഥാന യോഗം

**ശബരിമല:** ശബരിമല മഹോത്സവത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിന്നും തീർത്ഥാടനത്തിന് എത്തുന്ന ഭക്തരുടെ യാത്രാക്ലേശങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അന്തർ സംസ്ഥാന യോഗം ചേർന്നു. ഇടുക്കി ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട്, തേനി ജില്ലാ കളക്ടർ രഞ്ജിത്ത് സിംഗ് എന്നിവരുടെ നേതൃത്വത്തിൽ തേക്കടി ബാംബു ഗ്രോവിലായിരുന്നു യോഗം. കഴിഞ്ഞ വർഷത്തെ പോലെ ഇക്കൊല്ലവും ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾ തമിഴ്നാട്കേരള സർക്കാരിന്റെ സംയുക്തഭിമുഖ്യത്തിൽ നടപ്പിലാക്കും. തീർത്ഥാടന കാലത്ത് നടപ്പാക്കേണ്ട ഗതാഗത നിയന്ത്രണം, സുരക്ഷ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഇരു ജില്ലാ ഭരണകൂടവും കൂട്ടായ തീരുമാനമെടുത്തുവെന്ന് ഇടുക്കി ജില്ലാ കളക്ടർ ദിനേശൻ ചെറുവാട്ട് പറഞ്ഞു. മകരവിളക്ക് സമയത്ത് ക്രമാതീതമായ തിരക്കുണ്ടായാൽ വൺവേ ട്രാഫിക്ക് ക്രമീകരണം ഏർപ്പെടുത്തും. പരമ്പരാഗത കാനനപാതയിലുൾപ്പടെ പ്രധാന ഇടത്താവളങ്ങളിൽ 24 മണിക്കൂറും വൈദ്യ സംഘത്തിന്റെ സേവനം ഉണ്ടാകും. ഹരിത പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നതിന് വേണ്ട നടപടിയെടുക്കാനും കളക്ടർ നിർദേശിച്ചു.

റോഡ് സുരക്ഷയ്ക്കും തീർത്ഥാടകർക്ക് വൈദ്യസഹായത്തിനും വേണ്ട ക്രമീകരണങ്ങൾ ഒരുക്കുമെന്ന് തേനി ജില്ലാ കളക്ടർ രഞ്ജിത്ത് സിംഗ് അറിയിച്ചു. റോഡ് സുരക്ഷ, മാലിന്യനിക്ഷേപം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജനങ്ങൾക്ക് മാധ്യമങ്ങൾ വഴി ബോധവത്കരണം നൽകും. പ്ലാസ്റ്റിക് കുപ്പികൾ പരമാവധി ഒഴിവാക്കും. മണ്ഡലകാലത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളുടെയും പഞ്ചായത്തുകളുടെയും നേതൃത്വത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ യോഗത്തിൽ വിലയിരുത്തി. മോട്ടോർ വാഹന വകുപ്പിന്റെ സ്ക്വാഡുകളുടെ പരിശോധന കർശനമാക്കും. പുല്ലുമേട് ഒഴികെയുള്ള ഇടത്താവളങ്ങളിൽ 24 മണിക്കൂറും മെഡിക്കൽ സംഘത്തിന്റെ സേവനം ലഭ്യമാണെന്ന് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു. പുല്ലുമേടിൽ പകൽ സമയത്ത് സേവനമുണ്ടാകും. വണ്ടിപ്പെരിയാർ, സത്രം, പുല്ലുമേട് എന്നിവിടങ്ങളിൽ 24 മണിക്കൂറും ആമ്പുലൻസ് സൗകര്യമുണ്ടാകും. കല്ലിടാംകുന്നിൽ ഓക്സിജൻ പാർലർ സൗകര്യത്തോടെ മെഡിക്കൽ സംഘത്തിന്റെ സേവനമുണ്ടാകും. തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിനായി കെ എസ് ആർ ടി സി യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സർവീസ് നടത്തും.ഇടുക്കി ജില്ലാ പോലീസ് മേധാവി കെ.എം സാബു മാത്യു, ഇടുക്കി സബ് കളക്ടർ അനൂപ് ഗാർഗ്, തേനി എഡിഎസ് പി പി. കലൈക്കതിരവൻ, എ ഡി എം ഷൈജു പി ജേക്കബ്ബ്, പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർ പി.യു സാജു, വിവിധ വകുപ്പ് തല മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



# മെഡിക്കോൺ സംസ്ഥാന ശിൽപശാല ഡിസംബർ ആറ് മുതൽ കണ്ണൂരിൽ

**കണ്ണൂർ:** ശാസ്ത്രബോധം പൊതുബോധമാക്കുക, അന്ധവിശ്വാസത്തിനെതിരെ ശാസ്ത്രവിജ്ഞാനം കരുത്ത് എന്ന സന്ദേശമുയർത്തി മെഡിക്കൽ വിദ്യാർഥികളുടെ കൂട്ടായ്മയായ മെഡികോണിന്റെ സംസ്ഥാനതല ശിൽപശാല ഡിസംബർ ആറ്, ഏഴ് തീയതികളിൽ കണ്ണൂരിൽ നടക്കും. ശിൽപശാലയുടെ സംഘാടക സമിതി രൂപീകരണ യോഗം കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സൈറു ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ശിൽപശാലയുടെ വിജയകരമായ നടത്തിപ്പിനായി 101 അംഗ സംഘാടക സമിതി രൂപീകരിച്ചു.

മെഡിക്കൽ കോളേജിലെ മെഡിക്കൽ എഡ്യുക്കേഷൻ ഹാളിൽ നടന്ന യോഗത്തിൽ പി.വി ജയശ്രീ ടീച്ചർ അധ്യക്ഷയായി. പരിപാടിയിൽ ഡോക്ടറേറ്റ് നേടിയ മെഡിക്കൽ കോളേജ് ഡോക്ടർമാരായ ഡോ. എസ്. എം സരിൻ, ഡോ. കെ.കെ സരോഷ് കുമാർ, ഡോ. കെ.വി ഊർമിള എന്നിവരെ ആദരിച്ചു.

# ജലദൗർലഭ്യം പരിഹരിക്കാൻ നടപടി: പെരിയാറിൽ നിന്ന് മൂവാറ്റുപുഴയാറിൽ വെള്ളമെത്തിക്കും

**കോതമംഗലം:** ഇടുക്കി ജലവൈദ്യുത പദ്ധതി അറ്റകുറ്റപ്പണിക്കായി അടച്ചതോടെ മൂവാറ്റുപുഴയാറിൽ ഉണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കാൻ പെരിയാറിൽ നിന്നു വെള്ളമൊഴുക്കും. പെരിയാർവാലി കോതമംഗലം, മുളവൂർ ബ്രാഞ്ച് കനാലുകൾ വഴിയാണു മൂവാറ്റുപുഴയാറിൽ വെള്ളമെത്തിക്കുക. ഇതിനായി ഭൂതത്താൻകെട്ട് ബറാജിന്റെ ഷട്ടറുകൾ അടച്ച് വെള്ളം സംഭരിച്ചു തുടങ്ങി. മൂവാറ്റുപുഴയാറിൽ 10 ദിവസം ലഭ്യമാക്കാനുള്ള വെള്ളം മലങ്കര ഡാമിൽ ഉണ്ടെന്നാണു കണക്കുകൂട്ടൽ.

തുടർന്നു ജലനിരപ്പ് താഴുന്നതോടെ മൂവാറ്റുപുഴയാറിനെ ആശ്രയിച്ചുള്ള ശുദ്ധജല പദ്ധതികൾ പ്രതിസന്ധിയിലാകും. ഇതു പരിഹരിക്കാനാണു പെരിയാറിലെ വെള്ളമെത്തിക്കുന്നത്. ബറാജിന്റെ 3 ഷട്ടർ ഒഴിച്ചു ബാക്കിയുള്ള 12 എണ്ണം ഘട്ടംഘട്ടമായി അടച്ചു. ഇരു കനാലുകളിലും ശുചീകരണം തുടങ്ങി.അടുത്ത ആഴ്ച കനാൽ തുറന്നേക്കും. പ്രത്യേക സാഹചര്യത്തിൽ ആദ്യമായാണ് ഇങ്ങനെ വെള്ളമെത്തിക്കുന്നതെന്നു പെരിയാർവാലി അധികൃതർ പറഞ്ഞു.

# ഡോ.ജെ. അലക്സാണ്ടർ സ്മാരക പുരസ്കാര സമർപ്പണം ഇന്ന്

**കൊച്ചി:** ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ഏർപ്പെടുത്തിയ ഡോ. ജെ. അലക്സാണ്ടർ സ്മാരക പുരസ്കാരം മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ പരമാധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിദീയൻ ബാവയ്ക്ക് ഇന്ന് രാവിലെ ഒമ്പതിന് എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കുന്ന സമ്മേളനത്തിൽ കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ സമ്മാനിക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥ് ചടങ്ങിൽ മുഖ്യ അതിഥിയായിരിക്കും. അഡ്വ. കെ.വി സാബു എഴുതിയ 'ഹൗസ് ഓഫ് ലോർഡ്സ്' എന്ന പുസ്തകത്തിന്റെ പ്രകാശനവും ചടങ്ങിൽ നടക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്. മനു പുസ്തകത്തിന്റെ കോപ്പി മുൻ ജഡ്ജി ജസ്റ്റിസ് മേരി ജോസഫിന് നൽകി പ്രകാശനം നിർവ്വഹിക്കും.

# തൊഴിലധിഷ്ഠിത കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ നേതൃത്വത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷൻ പ്രവേശനത്തിനായി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ആറുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഒരു വർഷത്തെ ഡിപ്ലോമ കോഴ്സുകൾ, രണ്ടു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകൾ എന്നിവയിലാണ് പ്രവേശനം. യോഗ, കൗൺസലിംഗ് സൈക്കോളജി, ലോജിസ്റ്റിക് ആൻഡ് ഷിപ്പിംഗ് മാനേജ്മെന്റ്, ബ്യൂട്ടികെയർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ആയുർവേദ പഞ്ചകർമ്മ അസിസ്റ്റന്റ്, ഹോസ്പിറ്റൽ മാനേജ്മെന്റ്, ഫസ്റ്റ് എയ്ഡ് ഇൻ മെന്റൽ ഹെൽത്ത്, അപ്ലൈഡ് കൗൺസലിംഗ്, ജറിയാട്രിക് കൗൺസലിംഗ് ആന്റ് പാലിയേറ്റിവ് കെയർ, വെൽനസ് സെന്റർ മാനേജ്മെന്റ്, ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ്, മോണ്ടിസോറി ടിച്ചേഴ്സ് ട്രെയിനിങ്, മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിംഗ് ഡിസോർഡേഴ്സ്, കമ്പ്യൂട്ടർ കോഴ്സസ്, ഭരതനാട്യം, മാർഷ്യൽ ആർട്സ്, ട്രെയിനേഴ്സ് ട്രെയിനിംഗ്, ലൈഫ് സ്കിൽസ് എഡ്യുക്കേഷൻ തുടങ്ങിയ മേഖലകളിലാണ് കോഴ്സുകൾ. 18 വയസ്സിനുമേൽ പ്രായമുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല. https://apps.rccc.in/register എന്ന ലിങ്കിലൂടെ ഡിസംബർ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33, ഫോൺ: 0471 2325101, 8281114464.

# ഗോത്രകിരണം പദ്ധതി രണ്ടാം ഘട്ടത്തിന് തുടക്കമായി

**മാനന്തവാടി:** വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിനു കീഴിൽ മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെയും സൈറ്റ് വയനാടിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സൗജന്യ പി.എസ്.സി പരിശീലന പരിപാടിയായ ഗോത്രകിരണത്തിന്റെ രണ്ടാം ഘട്ടം ജില്ലാ കളക്ടർ ഡി. ആർ മേഘശ്രീ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ ഗോത്ര മേഖലയിലെ വിദ്യാർത്ഥികളെ സർക്കാർ ജോലി ലഭിക്കാൻ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒന്നാം ഘട്ട ഗോത്രകിരണം പരിശീലന പരിപാടിയിൽ പങ്കെടുത്ത് ജോലി ലഭിച്ച ഉദ്യോഗാർത്ഥികളെ പരിപാടിയിൽ ആദരിച്ചു.

പരിപാടിയിൽ ജില്ലാ ഭരണകൂടവും എക്സൈസ് വകുപ്പും സംയുക്തമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തി. വിജയികൾക്ക് ജില്ലാ കളക്ടർ ഉപഹാരവും പ്രശസ്തി പത്രവും നൽകി. സൈറ്റ് വയനാട് പ്രസിഡന്റ് ഡോ. ആന്റണി ജോസഫ് അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എ.ജെ.ഷാജി, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുമായ സജിത് ചന്ദ്രൻ, ജനമൈത്രി എക്സൈസ് ഇൻസ്പെക്ടർ യു.കെ ജിതിൻ, സൈറ്റ് വയനാട് ഡയറക്ടർ ഫാദർ ജെൻസൻ, ദ്വാരക ഗുരുകുലം കോളേജ് പ്രിൻസിപ്പൽ ഷാജൻ ജോസ് എന്നിവർ പങ്കെടുത്തു.

# അന്താരാഷ്ട്ര ബ്ലൂ ഫ്ളാഗ് പദവി നിലനിർത്തി കാപ്പാട് ബീച്ച്

**കോഴിക്കോട്:** തുടർച്ചയായ ആറാം തവണയും അന്താരാഷ്ട്ര ബ്ലൂ ഫ്ളാഗ് പദവി നിലനിർത്തി കോഴിക്കോട് കാപ്പാട് ബീച്ച്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരിപാലിച്ചുവരുന്ന ബീച്ചിൽ നടപ്പാക്കുന്ന കാട്ട് ഓർക്കിഡുകളുടെ പുനരധിവാസം പദ്ധതിക്ക് 2025ലെ സതേൺ ഹെമിസ്ഫിയർ ബ്ലൂ ഫ്ളാഗ് മികച്ച പ്രവർത്തനങ്ങളുടെ മത്സര വിഭാഗത്തിൽ ഒന്നാം സ്ഥാനവും ലഭിച്ചു. പരാഗണകാരികളുടെയും പ്രാണികളുടെയും നഷ്ടം തടയൽ വിഷയ വിഭാഗത്തിലാണ് അവാർഡ്. ഡെന്മാർക്ക് ആസ്ഥാനമായ ഫൗണ്ടേഷൻ ഫോർ എൻവയൺമെന്റൽ എഡ്യൂക്കേഷൻ (എഫ്.ഇ.ഇ) ആണ് അവാർഡ് നൽകുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചി മുസിരിസ് ബിനാലെ; തിരശീല ഉയരാൻ ഒരുമാസം ബാക്കി

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സമകാലീന കലാമേളയായ കൊച്ചി മുസിരിസ് ബിനാലെ ആറാം പതിപ്പിന് ഇനി 30 ദിവസങ്ങൾ മാത്രം. ഗോവയിലെ എച്ച്.എച്ച് ആർട് സ്പേസസുമായി ചേർന്ന് കലാകാരൻ നിഖിൽ ചോപ്രയാണ് ഇക്കുറി ബിനാലെ ക്യൂറേറ്റ് ചെയ്യുന്നത്. 109 ദിവസം നീണ്ടു നിൽക്കുന്ന ഈ ലോകോത്തര കലാവിരുന്ന് ഡിസംബർ 12 ന് ആരംഭിച്ച് മാർച്ച് 31 ന് അവസാനിക്കും. 20 രാജ്യങ്ങളിൽ നിന്നുള്ള 66 കലാകാരന്മാരും കൂട്ടായ്മകളുമടങ്ങുന്ന സംഘമാണ് പ്രദർശനങ്ങളും ഇൻസ്റ്റലേഷനുകളും ഒരുക്കുന്നത്. ഫോർ ദി ടൈം ബീയിംഗ് എന്നതാണ് ആറാം ലക്കത്തിന്റെ പ്രമേയം.

Kochi-Muziris Biennale 2025

പശ്ചിമകൊച്ചിയും എറണാകുളം നഗരവും ഉൾപ്പെടുന്ന വിവിധ സ്ഥലങ്ങളാണ് ബിനാലെ വേദികൾ. ദേവസ്സി ജോസ് ആന്റ് സൺസ്, ജയിൽ ഓഫ് ഫ്രീഡം സ്ട്രഗിൾ, ഊട്ടുപുര, പഴയന്നൂർ ഭഗവതി ക്ഷേത്രം, മട്ടാഞ്ചേരി, വി.കെ.എൽ വെയർഹൗസ്, ഡേവിഡ് ഹാൾ, സിമി വെയർഹൗസ്, അർത്ഥശില കൊച്ചി (മുമ്പ് ദി സ്പെൻസർ ഹോം), ബാസ്റ്റിൻ ബംഗ്ലാവ്, വാട്ടർ മെട്രോ, ആസ്പിൻവാൾ ഹൗസ് (കയർ ഗോഡൗൺ ആൻഡ് ഡയറക്ടേഴ്സ് ബംഗ്ലാവ്), ആനന്ദ് വെയർഹൗസ്, എസ്.എം.എസ്. ഹാൾ, 111 മർക്കസ് ആന്റ് കഫേ, ദർബാർ ഹാൾ, പെപ്പർ ഹൗസ്, അർമാൻ കളക്ടീവ് ആന്റ് കഫേ, സ്പേസ്, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, ഗാർഡൻ കൺവെൻഷൻ സെന്റർ, ബി.എം.എസ്. വെയർഹൗസ്, ഐലൻഡ് വെയർഹൗസ്, സെന്റ് ആൻഡ്രൂസ് പാരിഷ് ഹാൾ, ക്യൂബ് ആർട്സ് സ്പേസ് എന്നിവയാണ് വേദികൾ.

അബുൽ ഹിഷാം, ആദിത്യ പുത്തൂർ, അഡ്രിയാൻ വില്ലാർ റോജാസ്, അലി അക്ബർ പി.എൻ, ആന്യ ഇബ്ഷ് ഗ്രുന്റാലെർ9, ആരതി കദം, അഥിന കൂമ്പറൂളി, ബാനി അബിദിഅനുപമ കുണ്ഡൂ, ഭാഷ ചക്രബർത്തി, ബിരാജ് ദോഡിയ, ബിരേന്ദർ യാദവ്, സിന്ധ്യ മാർസെൽ, ധീരജ് റാഭ, ദിമസ്രൂജിപിയേറോ തോമസോണി, ദിനിയോ സെഷി ബോപാപെ, ഫൈസ ഹസൻ, ഗീവ് പട്ടേൽ, ഗുലാംമുഹമ്മദ് ഷെയ്ഖ്, ഹിച്ചാം ബറാദ, ഹിമാൻഷു ജമോദ്, ഹിവ കെ, ഹുമ മുൽജി, ഇബ്രാഹിം മഹാമ, ജയശ്രീ ചക്രവർത്തി, ജോംപെറ്റ് കുസ്വി ദനാന്റോ, ജ്യോതി ഭട്ട്, ഖഗേശ്വർ റാവുത്ത്, കിർത്തിക കയിൻ, കുൽപ്രീത് സിംഗ്, ലക്ഷ്മി നിവാസ് കളക്റ്റീവ്, ലാറ്റോയ റൂബി ഫ്രേസിയർ, ലയണൽ വെൻഡ്റ്റ്, മാളു ജോയ് (സിസ്റ്റർ റോസ്‌വിൻ സി.എം.സി), മൻദീപ് റായ്ഖി, മരിയ ഹസ്സാബി, മറീന അബ്രമോവിച്ച്, മാർക്ക് പ്രൈം, മാത്യു കൃഷാണു, മീനു ജെയിംസ്, മീനം അപാംഗ്, മോണിക്ക ദെ മിറാൻഡ, മോണിക്ക കൊറിയ, മൂനിസ് അഹമ്മദ് ഷാ, നയീം മൊഹൈമെൻ, നരി വാർഡ്, നിരോജ് സത്പതി, നിത്യൻ ഉണ്ണികൃഷ്ണൻ, ഒടോബോംഗ് എൻകാങ്ക, പല്ലവി പോൾ, പഞ്ചേരി ആർട്ടിസ്റ്റ്സ് യൂണിയൻ, പ്രഭാകർ കാംബ്ലെ, രാജ ബോറോ, രത്ന ഗുപ്ത, സബിത കടന്നപ്പള്ളി, സാന്ദ്ര മുജിംഗ, സായൻ ചന്ദ, ആർ.ബി. ഷാജിത്ത്, ഷീബ ഛാച്ചി, ജാനറ്റ് പ്രൈസ്, ഷിറാസ് ബൈജൂ, സ്മിത ബാബു, സുജിത് എസ്.എൻ, ടിനോ സെഹ്ഗാൾ, ഉത്സഹസാരിക, വിനോജ ധർമ്മലിംഗം, യാസ്മിൻ ജഹാൻ നൂപുർ, സറീന മുഹമ്മദ് എന്നിവരാണ് കൊച്ചിമുസിരിസ് ബിനാലെ ആറാം ലക്കത്തിൽ പങ്കെടുക്കുന്ന കലാകാരന്മാർ.

# ഫോക് ലോർ സെമിനാർ നാളെ

**കോഴിക്കോട്:** മുസിരിസ് ബിനാലെ ആറാം പതിപ്പിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സംവാദ പരമ്പര സമകാലീന ഫോക് ലോറും സാംസ്കാരിക പ്രതിരോധവും എന്ന വിഷയത്തിൽ നാളെ നടക്കും. കേളീ രാമചന്ദ്രൻ ക്യൂറേറ്റ് ചെയ്യുന്ന കല കാലം കലാപം എന്ന പരമ്പരയിലെ മൂന്നാമത് പരിപാടിയാണ് വടകര സാഹിത്യവേദിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നത്. നവംബർ 16 ന് രാവിലെ 10 മണി മുതൽ വടകര മുനിസിപ്പൽ ടൗൺഹാളിൽ നടക്കുന്ന സെമിനാറിൽ പ്രബന്ധാവതരണങ്ങൾ, പാട്ടും പറച്ചിലും, നാടൻ കലാവതരണം, സംവാദം എന്നിവയുണ്ടാവും. വൈകിട്ട് ആറിന് കുറുമ്പത്തുരുത്ത് യുവകേരള ചവിട്ടുനാടകവേദിയുടെ കാറൽമാൻ ചരിതം ചവിട്ടുനാടകത്തിന്റ രംഗാവതരണത്തോടെയാണ് പരിപാടികൾ അവസാനിക്കുന്നത്. എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിനടുത്ത് പുത്തവേലിക്കരയിൽ നിന്നുള്ള സംഘമാണ് ചവിട്ടുനാടകം അവതരിപ്പിക്കുന്നത്. സാഹിത്യവേദി പ്രസിഡന്റ് കവി വീരാൻകുട്ടി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കന്നഡ ഭാഷാ വികസന അതോറിറ്റി ചെയർമാനും പ്രമുഖ ഫോക് ലോർ കലാകാരനുമായ പ്രൊഫ.പുരുഷോത്തം ബില്ളിമലെ സെമിനാർ ഉദ്ഘാടനം ചെയ്യും. ഡോ.രാഘവൻ പയ്യനാട് മുഖ്യപ്രഭാഷണം നടത്തും. ബിനാലെ സംഘാടകനും വിഖ്യാത സമകാലീന കലാകാരനുമായ ബോസ് കൃഷ്ണമാചാരി ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. കളരിപ്പയറ്റ് ഗുരുക്കൾ പത്മശ്രീ മീനാക്ഷിയമ്മയെ ആദരിക്കും. തുടർന്ന് ഫോക് ലോറിക് സിനിമ, സിനിമാറ്റിക് ഫോക് ലോർ എന്ന വിഷയത്തിൽ ഡോ. അജു കെ. നാരായണൻ, ഫോക് ലോറിലെ സ്ത്രീ പ്രതിനിധാനം: ചില വിചാരങ്ങൾ എന്ന വിഷയത്തിൽ ഡോ. പി. വസന്തകുമാരി എന്നിവർ പ്രബന്ധമവതരിപ്പിക്കും. കേരളത്തിന്റെ പാട്ടു പാരമ്പര്യത്തെക്കുറിച്ചുള്ള സെഷനിൽ വി. ടി മുരളി, ഫൈസൽ എളേറ്റിൽ, ഡോ.എ.കെ അപ്പുക്കുട്ടൻ, രവി വയനാട് എന്നിവർ സംസാരിക്കും. തെയ്യം, ചവിട്ടുനാടകം തുടങ്ങിയവ യഥാക്രമം വൈ,വി. കണ്ണൻ, റോയ് ജോർജ്ജ്കുട്ടി എന്നിവർ അവതരിപ്പിക്കും. ഡോ. കെ.എം, ഭരതൻ അദ്ധ്യക്ഷത വഹിക്കുന്ന സമാപന സമാപന സമ്മേളത്തിൽ ഡോ.പി. പവിത്രൻ മുഖ്യപ്രഭാഷണം നടത്തും. തുടർന്നാണ് ചവിട്ടുനാടകം അരങ്ങേറുന്നത്.

മുൻകൂട്ടി റജിസ്റ്റർ ചെയ്യുന്ന പ്രതിനിധികൾക്കൊപ്പം പൊതുജനങ്ങൾക്കും സെമിനാറിൽ പങ്കെടുക്കാമെന്ന് സംഘാടകർ അറിയിച്ചു. ഡിസംബർ 12 ന് ആരംഭിക്കുന്ന കൊച്ചി മുസിരിസ് ബിനാലെ 109 ദിവസത്തെ പ്രദർശനത്തിന് ശേഷം മാർച്ച് 31 ന് സമാപിക്കും.

ഗോവയിലെ എച് എച് ആർട് സ്പേസിന്റെ സഹകരണത്തോടെ നിഖിൽ ചോപ്രയാണ് ബിനാലെ ആറാം പതിപ്പ് ക്യൂറേറ്റ് ചെയ്യുന്നത്. ഫോർ ദി ടൈം ബിയിംഗ് എന്നതാണ് ഇത്തവണത്തെ ക്യൂറേറ്റർ പ്രമേയം.

## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) അഭിമുഖം

**ആലപ്പുഴ:** ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾ ടൈം ജൂനിയർ ലാംഗേജ് ടീച്ചർ (അറബിക്) എൽപിഎസ് (കാറ്റഗറി നം. 609/2024) തസ്തികയിലേക്ക് 2025 ഓഗസ്റ്റ് 11 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായി ആദ്യഘട്ട അഭിമുഖം നവംബർ 20 ന് ഉച്ചയ്ക്ക് 12 നും 21 ന് രാവിലെ 9.30 നും പി.എസ്.സി യുടെ ആലപ്പുഴ ജില്ലാ ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾക്കുള്ള അറിയിപ്പ് പ്രൊഫൈലിൽ നല്കിയിട്ടുണ്ട്. വ്യക്തിഗത മെമ്മോ അയയ്ക്കുന്നതല്ല. ഉദ്യോഗാർഥികൾ വ്യക്തിവിവരക്കുറിപ്പ്, ഒ.റ്റി.ആർ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ്, അസ്സൽ തിരിച്ചറിയൽ രേഖ എന്നിവയും സഹിതം നിശ്ചിത സമയത്തും തീയതിയിലും ഓഫീസിൽ നേരിട്ട് ഹാജരാകണം . ഉദ്യോഗാർഥികൾ പി.എസ്.സി വെബ്സൈറ്റിലെ ഇന്റർവ്യൂ ഷെഡ്യൂൾ, അനൗൺസ്മെന്റ് റ് ലിങ്കുകൾ എന്നിവ പരിശോധിക്കണം. പ്രൊഫൈലിൽ അറിയിപ്പ് ലഭിക്കാത്തവർ പി.എസ്.സി യുടെ ആലപ്പുഴ ജില്ലാ ആഫീസുമായി ബന്ധപ്പെടുക. ഫോൺ: 04772264134.

## സിവിൽ എക്സൈസ് ഓഫീസർ: ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും 17 മുതൽ

**മലപ്പുറം:** ജില്ലയിൽ എക്സൈസ് ആന്റ് പ്രൊഹിബിഷൻ വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) (കാറ്റഗറി നമ്പർ 743/2024)തസ്തികയുടെ തെരഞ്ഞെടുപ്പിനായി പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗർത്ഥികൾക്കുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും നവംബർ 17 മുതൽ 24വരെ (23 ഒഴികെ) രാവിലെ 5.30 മുതൽ മലപ്പുറം എം.എസ്.പി പരേഡ് ഗ്രൗണ്ടിൽ നടക്കും. ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റും പി.എസ്.സി അംഗീകരിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയുടെ അസ്സലും നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം അഡ്മിഷൻ ടിക്കറ്റിൽ നിർദേശിച്ചിരിക്കുന്ന കേന്ദ്രത്തിൽ യഥാസമയം ഹാജരാകണം. ഏതെങ്കിലും പരിശീലന കേന്ദ്രത്തിന്റെ പേരോ ലോഗോയോ പതിച്ച വസ്ത്രങ്ങൾ ധരിച്ച ഉദ്യോഗാർത്ഥികളെ ടെസ്റ്റിൽ പങ്കെടുപ്പിക്കില്ല.

## മാതൃഭാഷാ ദിനാചരണം സംഘടിപ്പിച്ചു

**മലപ്പുറം:** മലപ്പുറംമൃഗസംരക്ഷണ വകുപ്പ് ജന്തുരോഗ നിയന്ത്രണ പദ്ധതി മലപ്പുറം ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മലയാള ഭാഷാ ദിനാചരണം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഷൗക്കത്തലി വടക്കുംപാടം ഉദ്ഘാടനം ചെയ്തു. ജില്ലാ വെറ്റിനറി കേന്ദ്രം കോൺഫറൻസ് ഹാളിൽ ചേർന്ന പരിപാടിയിൽ ജന്തുരോഗ നിയന്ത്രണ പദ്ധതി മലപ്പുറം ജില്ലാ കോഓർഡിനേറ്റർ ഡോ. നീന ആൻസി സഖറിയ അധ്യക്ഷത വഹിച്ചു.

റിട്ട. ഫിനാൻസ് ഓഫീസർ ജി.കെ. റാം മോഹൻ, റിട്ട. സീനിയർ ക്ലർക്ക് എം. മുഹമ്മദ് അബ്ദുൽ സലാം എന്നിവർ 'ഭരണ നിർവ്വഹണത്തിൽ മലയാള ഭാഷയുടെ പ്രാധാന്യം' എന്ന വിഷയം അവതരിപ്പിച്ചു. ചടങ്ങിൽ ജില്ലാ എപ്പിഡെമിയോളജിസ്റ്റ് ഡോ. എ. ഷമീം, ജന്തുരോഗ നിയന്ത്രണ പദ്ധതി താലൂക്ക് കോഓർഡിനേറ്റർമാരായ ഡോ. ഷീജ വാസു, ഡോ. ഇ. കുഞ്ഞിമൊയ്തീൻ, ജില്ലാ വെറ്ററിനറി ഫീൽഡ് ഓഫീസർ ഒ. ഹസ്സൻകുട്ടി എന്നിവർ പങ്കെടുത്തു.

# ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ബോധവത്കരണം 18 മുതൽ

**ബത്തേരി:** ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഏകാരോഗ്യ പക്ഷാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതല ഏകാരോഗ്യ കമ്മിറ്റി യോഗം ചേർന്നു. ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നവംബർ 18 മുതൽ 24 വരെ ജില്ലയിൽ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ബോധവൽക്കരണ വാരാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ തീരുമാനമായി. മനുഷ്യരിലും മൃഗങ്ങൾ, മത്സ്യങ്ങൾ, കാർഷിക വിളകൾ എന്നിവയിലും ആന്റിബയോട്ടിക് മരുന്നുകൾ അനാവശ്യമായി ഉപയോഗിക്കുന്നത് മൂലം ഉണ്ടാകുന്ന മരണങ്ങൾ തടയുകയും ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് പരമാവധി കുറയ്ക്കുകയാണ് ബോധവത്കരണ പ്രവർത്തനങ്ങളുടെ ലക്ഷ്യം. നിലവിൽ നവംബർ മൂന്ന് മുതൽ 15 വരെ ഏകാരോഗ്യ പക്ഷാചരണ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരികയാണ്.

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗത്തിലൂടെ രോഗാണുക്കൾ ശക്തരാവുകയും നിലവിലുള്ള ചികിത്സ അവയ്ക്കെതിരെ ഫലവത്താകാതിരിക്കുകയും ചെയ്യുന്നു. ബാക്ടീരിയകൾ ആന്റിബയോട്ടിക്ക് മരുന്നുകളെ ചെറുത്തു തോൽപ്പിക്കുകയും അത് കാരണമായി ചികിത്സയുടെ ദൈർഘ്യം കൂടുകയും ചികിത്സാ ചെലവ് ഉയരുകയും ചിലപ്പോൾ രോഗിയുടെ മരണത്തിന് കാരണമാവുന്നു. അതുകൊണ്ടുതന്നെ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കുറക്കാൻ കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വനം, ഭക്ഷ്യസുരക്ഷ, ആരോഗ്യ വകുപ്പുകളുടെയും ഐ.എം.എ, ഐ.ഡി.എ, ഐ.എ.പി ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സംയുക്ത പ്രവർത്തനം ഉറപ്പ് വരുത്താനാണ് പദ്ധതി. യോജിച്ച പ്രവർത്തനങ്ങളിലൂടെ ആന്റി മൈക്രോബിയൽ റസിസ്റ്റൻസിനെതിരെ പൊതുജനങ്ങൾക്കിടയിൽ ശക്തമായ ബോധവത്കരണം നടത്തും.

വാരാചരണ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം നവംബർ 18ന് കൽപ്പറ്റ സിവിൽ സ്റ്റേഷനിൽ ജില്ലാ കളക്ടർ നിർവഹിക്കും. ബോധവത്കരണ ക്ലാസുകൾ, വിദ്യാർഥികൾക്കുള്ള മത്സരങ്ങൾ, വിവിധ വകുപ്പുകളെയും സ്വകാര്യ ആശുപത്രികളെയും ഉൾപ്പെടുത്തിയുള്ള ജില്ലാതല ശിൽപ്പശാല എന്നിവ സംഘടിപ്പിക്കും. കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന ഏകാരോഗ്യ കമ്മിറ്റി യോഗത്തിൽ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ. ആര്യ വിജയകുമാർ, ജില്ലാ ആർദ്രം നോഡൽ ഓഫീസർ ഡോ. പി.കെ സുഷമ, മാനന്തവാടി മെഡിക്കൽ കോളേജ് എ.എം.ആർ നോഡൽ ഓഫീസർ ഡോ. സൂര്യ കല എന്നിവർ ഏകാരോഗ്യ പക്ഷാചരണ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ജില്ലയിലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ജില്ലാ സർവയലൻസ് ഓഫീസർ അവതരിപ്പിച്ചു. യോഗത്തിൽ കൃഷി, മൃഗസംരക്ഷണ, വനം, ഭക്ഷ്യസുരക്ഷ, ആരോഗ്യം, മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ്, സാമൂഹ്യനീതി, കുടുംബശ്രീ മിഷൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൊഴിൽ, ജില്ലാ ഡ്രഗ്സ് കൺട്രോൾ എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രതിനിധികളും പങ്കെടുത്തു.

# അടിസ്ഥാന സൗകര്യ വികസനം: പങ്കാളികളായി ഗോദ്റെജ് ഇൻറീരിയോ

**കൊച്ചി:** ഗോദ്റെജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ പ്രമുഖ ഫർണിച്ചർ ബ്രാൻഡായ ഗോദ്റെജ് ഇൻറീരിയോ കേരള സർക്കാരുമായുള്ള പങ്കാളിത്തത്തിലൂടെ പ്രധാന അടിസ്ഥാന സൗകര്യ വികസനത്തിനായി കൊച്ചിയിൽ 90 കോടിയിലധികം രൂപയുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതായി ഗോദ്റെജ് ഇൻറീരിയോ സീനിയർ വൈസ് പ്രസിഡന്റും ബിസിനസ് മേധാവിയുമായ സ്വപ്നീൽ നാഗർക്കർ പറഞ്ഞു. കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട വികസനത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ 69 കോടി രൂപയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾക്കുള്ള ഓർഡറും ഇൻഫോപാർക്കിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 24 കോടി രൂപയുടെ രൂപകൽപ്പന നിർമ്മാണ പ്രോജക്ടിന്റെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടുന്നു.

# സെഡെമാക് മെക്കാട്രോണിക്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സെഡെമാക് മെക്കാട്രോണിക്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐ.പി.ഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഇന്ത്യയിലെയും അമേരിക്കയിലെയും യൂറോപ്പിലെയും മൊബിലിറ്റി, വ്യാവസായിക വിപണികളിലെ മുൻനിര ഒറിജിനൽ ഉപകരണ നിർമ്മാതാക്കൾക്കായി (ഒ.ഇ.എം) ഇലക്ട്രോണിക് കൺട്രോൾ യൂണിറ്റുകളുടെ രൂപകൽപ്പനയിലും വിതരണത്തിലും ഏർപ്പെട്ടിരിക്കുന്ന കമ്പനി 8,043,300 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, അവെൻഡസ് ക്യാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപ്പിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# റീക്ലെയിം യുവർ കേൾസ്: ഡവ് തപ്സി പന്നുവുമായി സഹകരിക്കുന്നു

**കൊച്ചി:** ബോളിവുഡ് താരം തപ്സി പന്നുവുമായി ഡവ് സഹകരിക്കുന്നു. 'റീക്ലെയിം യുവർ കേൾസ്' എന്ന പേരിലുള്ള ക്യാമ്പയ്നിലാണ് സഹകരണം. ഇന്ത്യയിലുടനീളമുള്ള ചുരുൾമുടിയുള്ള സ്ത്രീകളുടെ സൗന്ദര്യം, കരുത്ത്, ആധികാരികത എന്നിവ ആഘോഷിക്കുന്ന ക്യാമ്പയിനാണിത്. മുടിയെ 'മെരുക്കാൻ' സമ്മർദ്ദം അനുഭവിച്ചിട്ടുള്ള എല്ലാ സ്ത്രീകളോടും, അഭിമാനത്തോടെ സ്വന്തം മുടിയെ അംഗീകരിക്കുകയും സ്നേഹിക്കുകയും ആത്മവിശ്വാസത്തോടെ പ്രദർശിപ്പിക്കാനുമുള്ള ആഹ്വാനമാണ് ക്യാമ്പയിനിലുള്ളതെന്ന് ഡവ് അറിയിച്ചു. തന്റെ ഹൃദയത്തോട് ഏറെ ചേർന്നു നിൽക്കുന്ന ക്യാമ്പയിനാണിതെന്ന് തപ്സി പന്നു പറഞ്ഞു. മുടിയെക്കുറിച്ച് മാത്രമല്ല, ആത്മവിശ്വാസം, വ്യക്തിത്വം, സ്വയം അംഗീകരിക്കൽ എന്നിവയെക്കുറിച്ചും 'റീക്ലെയിം യുവർ കേൾസ്' സംസാരിക്കുന്നതായി അവർ പറഞ്ഞു. സൗന്ദര്യം പരിമിതപ്പെടുത്തുകയല്ല, മറിച്ച് ശാക്തീകരിക്കുകയാണ് വേണ്ടതെന്ന് തങ്ങൾ വിശ്വസിക്കുന്നതായി യൂണിലിവർ ഹെയർ കെയർ വൈസ് പ്രസിഡന്റ് സായിറാം സുബ്രഹ്മണ്യൻ പറഞ്ഞു.

# നോവോ നോർഡിസ്ക് ഇന്ത്യ– ആർഎസ്എസ്ഡിഐ സഹകരണം

**കൊച്ചി:** ആഗോള ഹെൽത്ത് കെയർ കമ്പനി നോവോ നോർഡിസ്ക് ഇന്ത്യ, പ്രമേഹ ഗവേഷണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഏഷ്യയിലെ പ്രമുഖ സംഘടനയായ ഇന്ത്യൻ റിസർച്ച് സൊസൈറ്റി ഫോർ ദ സ്റ്റഡി ഓഫ് ഡയബിറ്റീസുമായി (ആർഎസ്എസ്ഡിഐ) സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു. കൊച്ചിയിൽ നടന്ന ആർഎസ്എസ്ഡിഐയുടെ 53ാമത് വാർഷിക സമ്മേളനത്തിലാണ് സഹകരണത്തിനുള്ള ധാരണയിലെത്തിയത്.

ബോധവൽക്കരണം, ആധുനികത, ശാക്തീകരണം എന്നിവയിലൂടെ എല്ലാവർക്കും ഗുണനിലവാരമുള്ള പ്രമേഹ പരിചരണം ലഭ്യമാക്കാൻ ഇരു സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കും. പ്രമേഹ നിയന്ത്രണപരിചരണ രംഗത്തെ നൂതന മാറ്റങ്ങൾ, പുരോഗതികൾ, ക്ലിനിക്കൽ വൈദഗ്ധ്യം എന്നിവയിൽ നോവോ നോർഡിസ്ക് ആർഎസ്എസ്ഡിഐയുമായി സഹകരിച്ച് പ്രവർത്തിക്കും. പ്രമേഹ നിയന്ത്രണത്തിലും പരിചരണത്തിലും നിരവധി ശാസ്ത്രീയ പുരോഗതികൾ ഉണ്ടായിട്ടും ഇന്ത്യ ഇന്നും ലോകത്തിലെ പ്രമേഹ തലസ്ഥാനമായി തുടരുന്നതായും ഇത് നമ്മുടെ പൊതുജനാരോഗ്യ മേഖല നേരിടുന്ന വെല്ലുവിളിയുടെ വ്യാപ്തി വ്യക്തമാക്കുന്നതായും നോവോ നോർഡിസ്ക് ഇന്ത്യ മാനേജിംഗ് ഡയറക്ടർ വിക്രാന്ത് ശ്രോത്രിയ പറഞ്ഞു.



# സിൽക്ക് ഇന്ത്യ പ്രദർശനം കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയൊട്ടുക്കുമുള്ള സിൽക്കുൽപ്പാദകരെയും, പട്ടുസാരി നെയ്ത്തുകാരെയും, സഹകരണ സ്ഥാപനങ്ങളെയും അണിനിരത്തിക്കൊണ്ട് അഭിവൃദ്ധി സംഘടിപ്പിക്കുന്ന സിൽക്ക് ഫെസ്റ്റിവൽ സിൽക്ക് ഇന്ത്യ 2025 പ്രദർശനം പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിൽ ആരംഭിച്ചു. സിൽക്ക് നിർമ്മാതാക്കൾ, സിൽക്ക് സാരി നെയ്ത്തുകാർ, കൈത്തറി ക്ലസ്റ്ററുകൾ, സിൽക്ക് സഹകരണ സംഘങ്ങൾ എന്നിവരൊരുക്കുന്ന പുതിയ ഉത്സവവിവാഹ ശേഖരങ്ങളാണ് വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന അമ്പതിലധികം സ്റ്റാളുകളിലായുള്ളത്. കാലാവസ്ഥാപരവും, ഭൂമിശാസ്ത്രപരവുമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന പട്ടുകളിൽ പ്രമുഖമായ ടസ്സർ, എറി, മൾബറി, മുഗാ എന്നിവ പ്രദർശനത്തിലുണ്ട്. ബീഹാർ, ആസ്സാം, ഛത്തീസ്ഗഡ് എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് ടസ്സർ, മുഗാ എന്നിവ ഉൽപ്പാദിപ്പിക്കുന്നതെന്ന് ചീഫ് കോർഡിനേറ്റർ ടി. അഭിനന്ദ് പറഞ്ഞു. ബീഹാറിൽ നിന്നുള്ള ഓർഗാനിക് ടസാർ സിൽക്ക് സാരികൾ, സ്യൂട്ട്, കർണാടകയിൽ നിന്നുള്ള ക്രേപ് സിൽക്ക്, ജോർജറ്റ് സിൽക്ക്, അരിനി സിൽക്ക്, പ്രിന്റഡ് സാരികൾ; തമിഴ്നാട്ടിൽ നിന്നുള്ള കാഞ്ജീവരം സിൽക്ക് സാരികൾ, ഡിസൈനർ ഫാൻസി സാരികൾ; ആന്ധ്രാപ്രദേശിൽ നിന്നുള്ള ധർമ്മവര, ഉപ്പട, ഗദ്വാൾ, മംഗളഗിരി, പോച്ചമ്പള്ളി സാരികൾ, ഉത്തർപ്രദേശിൽ നിന്നുള്ള ലഖ്നവി ചിക്കൻ വർക്ക് സാരി, മൾബറി സിൽക്ക്, ജംദാനി, ജമവാർ സിൽക്ക് & ഷിഫോൺ സിൽക്ക്, മഹാരാഷ്ട്രയിൽ നിന്നുള്ള പൈതാനി സാരീസ്, പഞ്ചാബിൽ നിന്നുള്ള പട്യാല ഡ്രസ് മെറ്റീരിയലുകൾ, ഒറീസയിൽ നിന്നുള്ള സംബൽപുരി, ഇക്കത്ത് സാരികൾ; എക്സ്ക്ലൂസീവ് റോ സിൽക്ക് സാരികൾ, മധ്യപ്രദേശിൽ നിന്നുള്ള മഹേശ്വരി, ചന്ദേരി സിൽക്ക് സാരികൾ, സ്യൂട്ടുകൾ; വെസ്റ്റ് ബംഗാളിൽ നിന്നുള്ള ബലൂചാരി, കാന്ത സാരീസ്, സർദോസി വർക്കുകൾ, അസമിൽ നിന്നുള്ള മുഗ, എറി സിൽക്ക് സാരികൾ;ജമ്മു കശ്മീരിൽ നിന്നുള്ള പ്രിന്റഡ് സാരികൾ, പശ്മിന ഷാളുകൾ, രാജസ്ഥാനിൽ നിന്നുള്ള ഹാൻഡ് ബ്ലോക്ക് പ്രിന്റ് വസ്ത്രങ്ങൾ തുടങ്ങിയവ പ്രത്യേകം സ്റ്റാളുകളിലായി മേളയിലുണ്ട്. രാവിലെ 10.30 മുതൽ രാത്രി 8.30 വരെ വരെയാണ് പ്രദർശനം. 10 ദിവസം നീണ്ട നിൽക്കുന്ന മേള നവംബർ 23 ന് സമാപിക്കും. പ്രവേശനം സൗജന്യമാണ്.

# രാജ്യാന്തര വാണിജ്യ കരാറുകൾ കേരളത്തിന് ഉത്തേജനം




**കൊച്ചി:** രാജ്യാന്തര വാണിജ്യ കരാറുകൾ ഏറെ ഗുണകരമായത് കേരളത്തിനാണെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മ്ദ് ഹനീഷ് പറഞ്ഞു. യു.കെ - ഇന്ത്യ സമഗ്ര വാണിജ്യ കരാർ സംബന്ധിച്ച് ലഘു, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി ഫിക്കി സംഘടിപ്പിച്ച ശിൽപശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 'സെപ' വാണിജ്യ കരാർ കേരളത്തിലെ എം.എസ്.എം.ഇ മേഖലയിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. സംരംഭക വർഷത്തിലൂടെ 475,000 പുതിയ എം.എസ്.എം.ഇ സംരംഭങ്ങളാണ് കേരളത്തിൽ തുടങ്ങിയത്.

ഇതിൽ 38 ശതമാനവും ഭക്ഷ്യ സംസ്കരണ മേഖലയിലാണ്. ഇതിൽ ഏറിയ പങ്കും വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചതാണെന്നും അദ്ദേഹം പറഞ്ഞു. ഉൽപ്പാദന ചെലവ്, ഗുണമേന്മ, മൂല്യ വർധിതം എന്നീ മൂന്ന് ഘടകങ്ങളാണ് ഏതൊരു ഉൽപ്പന്നത്തിനും മത്സര വിപണി സാധ്യമാക്കുന്നതെന്നും മുഹമ്മദ് ഹനീഷ് പറഞ്ഞു. ആയാസരഹിതമായ ബിസിനസും പ്രവർത്തന സൗകര്യവും ഒരുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകിയാണ് യു.കെയും ഇന്ത്യയും തമ്മിലുള്ള വാണിജ്യ കരാറിന് രൂപം നൽകിയതെന്ന് യു.കെ ഇന്ത്യ ബിസിനസ് കൗൺസിൽ അധ്യക്ഷൻ റിച്ചാർഡ് ഹെൽഡ് പറഞ്ഞു. കേരളത്തിന് ഏറെ പ്രയോജനം ചെയ്യുന്നതും പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് എഫ്.ഡി.ഐ സ്വീകരിക്കുന്നതിൽ നിർണായകമായ ചുവട് വെയ്ക്കുന്നതുമാണ് യു.കെ- ഇന്ത്യ വാണിജ്യ കരാറെന്ന് സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോ പ്രൊഫസറും മേധാവിയുമായ ഡോ.ജെയിംസ് ജെ നെടുമ്പാറ ചൂണ്ടിക്കാട്ടി.

എം.എസ്.എം.ഇകളുടെ വളർച്ചയ്ക്ക് ഊർജം പകരുന്ന സമഗ്രമായ കരാറാണ് സി.ഇ.ടി.എയെന്ന് കൊച്ചി കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിങ് ബൈൻസ് പറഞ്ഞു. ഇന്ത്യയുടെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥ കണക്കിലെടുക്കുമ്പോൾ, ഭാവിയിൽ വളരെയധികം അവസരങ്ങളാണ് ഈ വാണിജ്യ കരാറിലൂടെ സാധ്യമാകുന്നത്. പ്രത്യേകിച്ചും, കേരളത്തിന് സമുദ്രോൽപ്പന്നം, കയർ, തേയില, കാപ്പി എന്നീ മേഖലകളിൽ വലിയ സാധ്യതകളുണ്ട്. കേരള സർക്കാരും കേന്ദ്ര സർക്കാരും ബ്രാൻഡിംഗ് സംരംഭങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത് വിപണിയിൽ ഗുണമേന്മ ഉറപ്പ് വരുത്തുമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്സ് ഹസൻ ഹുസ്സൈൻ പറഞ്ഞു. ഫിക്കി കെ.ഇ.എസ്.സി ടാസ്ക് ഫോഴ്സ് ഓൺ എക്സ്പോർട്സ് ചെയർമാൻ അലക്സ് കെ. നൈനാൻ, ഫിക്കി കേരള മേധാവി സാവിയോ മാത്യു തുടങ്ങിയവർ സംസാരിച്ചു.

# ഡ്രോപ്സ് ഓഫ് ഹോപ് 3.0; സമാഹരിച്ചത് 80 ലക്ഷം മില്ലിലിറ്റർ രക്തം

**കൊച്ചി:** 108-ാം സ്ഥാപക ദിനത്തോടനുബന്ധിച്ച് ഫെഡറൽ ബാങ്ക് രാജ്യവ്യാപകമായി നടത്തിയ ഡ്രോപ്സ് ഓഫ് ഹോപ് 3.0 രക്തദാനയജ്ഞത്തിലൂടെ 80 ലക്ഷം മില്ലിലിറ്റർ രക്തം സമാഹരിച്ചു. ഫെഡറൽ ബാങ്ക് ജീവനക്കാരുടെ സന്നദ്ധ സംരംഭമായ സൺഷൈൻ, രാജ്യത്തെ 312 ഇടങ്ങളിൽ നടത്തിയ രക്തദാന ക്യാംപുകളിലൂടെയാണ് ഇത്രയും രക്തം ശേഖരിച്ചത്. ഏകദേശം 70,284 ജീവനുകൾ രക്ഷിക്കാൻ പര്യാപ്തമായ അളവാണിത്. തുടർച്ചയായ മൂന്നാം വർഷമാണ് ഫെഡറൽ ബാങ്ക് രാജ്യവ്യാപക രക്തദാന യജ്ഞം സംഘടിപ്പിക്കുന്നത്. ബാങ്കിങ് പ്രവർത്തനങ്ങൾക്കുപരി സമൂഹത്തിനാകെ നന്മ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയെന്ന ഫെഡറൽ ബാങ്ക് സ്ഥാപകന്റെ കാഴ്ചപ്പാടിനോടുള്ള ആദരവായാണ് ഡ്രോപ്സ് ഓഫ് ഹോപ് 3.0 സംഘടിപ്പിച്ചതെന്ന് ഫെഡറൽ ബാങ്ക് ചീഫ് എച്ച് ആർ ഓഫീസർ എൻ. രാജനാരായണൻ പറഞ്ഞു. രക്തദാനത്തിൽ അണിചേർന്നവരിൽ 82 ശതമാനവും പൊതുജനങ്ങളാണെന്നത് ഫെഡറൽ ബാങ്കിന് സമൂഹത്തോടുള്ള സാമൂഹിക പ്രതിബദ്ധയുടെ പ്രാധാന്യത്തെ തെളിയിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. ആകെ 17,607 പേരാണ് രക്തദാനം നടത്തിയത്. രക്തദാനയജ്ഞത്തിന്റെ ആദ്യ എഡിഷനെ അപേക്ഷിച്ച് പതിമൂന്നര ഇരട്ടി ആളുകളാണ് ഇത്തവണ പങ്കെടുത്തത്.

### ക്രിസ്തുമസ്സ് ആഘോഷം: ആസ്റ്റർ മെഡ്സിറ്റിയിൽ കേക്ക് മിക്സിംഗ്

**കൊച്ചി:** ക്രിസ്മസ് ആഘോഷത്തിന് തുടക്കം കുറിച്ച് ആസ്റ്റർ മെഡ്സിറ്റി. ആഘോഷത്തിന് മുന്നോടിയായി നടന്ന ക്രിസ്മസ് കേക്ക് മിക്സിങ് ആഘോഷ പരിപാടിയിൽ ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ് ഉൾപ്പെടെ 65 ഓളം ആരോഗ്യ പ്രവർത്തകർ പങ്കെടുത്തു

### എം.എസ്.സി.ഐ ഇന്ത്യ ഇടിഎഫ് അവതരിപ്പിച്ച് ഡിഎസ്പി

**കൊച്ചി:** ഡിഎസ്പി എം.എസ്.സി.ഐ ഇന്ത്യ ഇടിഎഫ് അവതരിപ്പിച്ച് അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മ്യൂച്വൽ ഫണ്ട്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട എം.എസ്.സി.ഐ ഇന്ത്യ സൂചികയുടെ പ്രകടനം അനുകരിക്കാനാണ് പുതിയ ഇടിഎഫ് ലക്ഷ്യമിടുന്നതെന്ന് ഡി.എസ്.പി മ്യൂച്വൽ ഫണ്ട് പാസീവ് ഇൻവെസ്റ്റ്മെന്റ്സ് ആൻഡ് പ്രോഡക്റ്റ്സ് വിഭാഗം മേധാവി അനിൽ ഘേലാനി പറഞ്ഞു. ഇന്ത്യയിലെ വിവിധ മേഖലകളിലുള്ള വലുതും ഇടത്തരവുമായ കമ്പനികളിൽ നിക്ഷേപം നടത്താൻ ഈ ഫണ്ട് നിക്ഷേപകരെ സഹായിക്കും. പ്രാരംഭ വിലയിൽ എം.എസ്.സി.ഐ ഇന്ത്യ ഇ.ടി.എഫ് യൂണിറ്റുകൾ വാങ്ങാൻ നവംബർ 19 വരെ അവസരമുണ്ടെന്നും അനിൽ ഘേലാനി പറഞ്ഞു

## കാഴ്ചപരിമിതർക്കുള്ള വനിതാ ടി20 വേൾഡ് കപ്പ്: ഇന്ത്യൻ ടീമിന് ഇൻഡസ്ഇൻഡ് ബാങ്ക് പിന്തുണ

**കൊച്ചി:** ഇന്ത്യയും ശ്രീലങ്കയും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന കാഴ്ചപരിമിതർക്കായുള്ള പ്രഥമ വനിതാ ടി20 വേൾഡ് കപ്പിലെ ഇന്ത്യൻ ടീമിന് സിഎസ്ആർ പദ്ധതിയുടെ ഭാഗമായി ഇൻഡസ്ഇൻഡ് ബാങ്ക് പിന്തുണയ്ക്കുന്നു.

സമർത്ഥനം ട്രസ്റ്റ് ഫോർ ദി ഡിസേബിൾഡിന്റെ ക്രിക്കറ്റ് സംരംഭമായ ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യ(സിഎബിഐ) യുടെ സഹകരണത്തോടെയാണ് ഇൻഡസ് ഇൻഡ് ബാങ്ക് ഇതിൽ പങ്കാളിയാകുന്നത്.

വൈവിധ്യം, എല്ലാവരെയും ഉൾപ്പെടുത്തൽ, കായിക മേഖലയുടെ മാറ്റം എന്നിവയോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ സഹകരണമെന്നും ഇന്ത്യൻ ടീമിനെ പിന്തുണയ്ക്കുന്നതിൽ തങ്ങൾ അഭിമാനിക്കുന്നുവെന്നും ഇൻഡസ്ഇൻഡ് ബാങ്ക് കോർപ്പറേറ്റ്, കൊമേഴ്സിയൽ ആന്റ് റൂറൽ ബാങ്കിംഗ് മേധാവി സഞ്ജീവ് ആനന്ദ് പറഞ്ഞു.

ഇന്ത്യ, ഓസ്ട്രേലിയ, നേപ്പാൾ, പാകിസ്ഥാൻ, ശ്രീലങ്ക, യുഎസ്എ എന്നീ രാജ്യങ്ങളാണ് ടൂർണമെൻറിൽ പങ്കെടുക്കുന്നത്. ന്യൂഡൽഹി, ബംഗളൂരു, കൊളംബോ എന്നിവിടങ്ങളിലാണ് മത്സരങ്ങൾ നടക്കുക.

# സാംസങ് സോൾവ് ഫോർ ടുമാറോ 2025 വിജയികളെ പ്രഖ്യാപിച്ചു




**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസ പരിപാടിയായ നവോത്ഥാന മത്സരം 'സാംസങ് സോൾവ് ഫോർ ടുമാറോ 2025' ന്റെ വിജയികളെ പ്രഖ്യാപിച്ചു. രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവാക്കളെ സാങ്കേതിക വിദ്യയിലൂടെ സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പ്രേരിപ്പിക്കുന്ന ഈ മത്സരത്തിന്റെ നാലാം പതിപ്പിൽ പെർസെവിയ (ബെംഗളൂരു), നെക്സ്റ്റ് പ്ലേ. എഐ (ഔറംഗബാദ്), പാരസ്പീക്ക് (ഗുരുഗ്രാം), പൃഥ്വി രക്ഷക് (പാലമു) എന്നിങ്ങനെ നാല് ടീമുകൾ മികച്ചതായി തിരഞ്ഞെടുക്കപ്പെട്ടു.

വിജയികൾക്ക് ഇൻകുബേഷൻ ഗ്രാന്റായി ഒരു കോടി രൂപ ലഭിച്ചു. ഐഐടി ഡൽഹിയുടെ എഫ്ഐടിടി ലാബുകളിൽ മെന്റർഷിപ്പ് പിന്തുണയോടെ അവരുടെ പ്രോട്ടോടൈപ്പുകൾ സ്കെയിലബിൾ റിയൽവേൾഡ് സൊല്യൂഷനുകളായി വികസിപ്പിക്കുന്നത് തുടരും. മുന്നിലെത്തിയ 20 ടീമുകൾക്കും 1 ലക്ഷം രൂപ വീതം ക്യാഷ് അവാർഡും സാംസങ് ഗാലക്സി ഇസഡ് ഫ് ളിപ്പ് സ്മാർട്ട് ഫോണുകളും ലഭിച്ചു. കൂടാതെ രണ്ടു ടീമുകൾക്ക് വീതം ഒരു ലക്ഷം രൂപയുടെ 'ഗുഡ്വിൽ അവാർഡും യങ്ങ് ഇന്നവേറ്റർ അവാർഡും 50000 രൂപയുടെ സോഷ്യൽ മീഡിയ ചാമ്പ്യൻ പുരസ്കാരങ്ങളും പ്രഖ്യാപിച്ചു. സ്റ്റാർട്ട് അപ്പ് ഇന്ത്യ (ഡിപിഐഐടി), ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം സ്റ്റാർട്ട് അപ്പ് ഹബ്, അടൽ ഇന്നവേഷൻ മിഷൻ (നീതി ആയോഗ്) എന്നിവയുമായി സാംസങ് ദീർഘകാല സഹകരണം ആരംഭിച്ചു.

ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും നിന്നുള്ള യുവതലമുറ അവരുടെ സൃഷ്ടിപരമായ ചിന്തകൾകൊണ്ട് ഭാവി നിർമ്മിക്കുന്നുവെന്നും 'സോൾവ് ഫോർ ടുമാറോ' വഴി തങ്ങൾ അവർക്ക് സാങ്കേതിക വിദ്യയിലൂടെ മികച്ച സമൂഹം പണിയാനുള്ള വേദി ഒരുക്കുന്നുവെന്നും സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സിഇഒയുമായ ജെ.ബി. പാർക്ക് പറഞ്ഞു.

## ഐക്യു 15ന്റെ പ്രീ–ബുക്കിങ് നവംബർ 20 മുതൽ




**കൊച്ചി :** ഹൈ പെർഫോമൻസ് സ്മാർട്ട്ഫോൺ ബ്രാൻഡായ ഐക്യുവിന്റെ പുതിയ ഫ്ളാഗ്ഷിപ്പ് മോഡലായ ഐക്യു 15 നവംബർ 26ന് വിപണിയിലെത്തുന്നു. സ്മാർട്ട്ഫോൺ ഇന്നൊവേഷനിൽ പുതിയ തരംഗം തീർക്കുന്നതാണ് ഈ ഫോണെന്നും നിരവധി ഫീച്ചറുകളോടെ സമാനതകളില്ലാത്ത സ്മാർട്ട്ഫോൺ അനുഭവമാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. നവംബർ 20 മുതൽ ഐക്യു 15ന്റെ പ്രീ-ബുക്കിംഗ് ആരംഭിക്കും. റീഫണ്ടബിൾ തുകയായ 1000 രൂപ നൽകി പ്രയോറിറ്റി പാസ് വഴി പ്രീബുക്ക് ചെയ്യുന്നവർക്ക് ഐക്യു ടിഡ്യുഎസ് 1ഇ ഇയർബഡുകൾ സൗജന്യമായി ലഭിക്കും, കൂടാതെ 12മാസത്തെ അധിക വാറന്റിയും സ്വന്തമാക്കാം. ആദ്യം ബുക്ക് ചെയ്യുന്നവർക്ക് മുൻഗണന എന്ന രീതിയിൽ പരിമിതമായ പ്രയോരിറ്റി പാസുകളാണ് ലഭ്യമാക്കിയിരിക്കുന്നത്. സ്നാപ്ഡ്രാഗൺ 8 എലൈറ്റ് ജെൻ 5 പ്രൊസസ്സറാണ് ഐക്യു 15ന് ശക്തി പകരുന്നത്.

## ടൈറ്റൻ സ്മാർട്ട് ഇവോക്ക് 2.0 അവതരിപ്പിച്ചു




**കൊച്ചി:** ടൈറ്റൻ സ്മാർട്ട് ഇവോക്ക് 2.0 വാച്ചുകൾ വിപണിയിലവതരിപ്പിച്ചു. നൂതനത്വവും മികച്ച രൂപകൽപ്പനയും സംയോജിപ്പിച്ചാണ് പ്രീമിയം സ്മാർട്ട് വാച്ചുകളുടെ നിരയിലെ ഏറ്റവും പുതിയ ഉൽപ്പന്നമായ ഇവോക്ക് 2.0 ടൈറ്റൻ പുറത്തിറക്കിയിരിക്കുന്നത്. ടൈറ്റൻ സ്മാർട്ടിന്റെ കരകൗശല വൈദഗ്ധ്യത്തിന്റെയും ഡിസൈൻ ഇന്റലിജൻസിന്റെയും പാരമ്പര്യത്തെ അടിസ്ഥാനമാക്കി, ടൈറ്റന്റെ അനലോഗ് വാച്ച് നിർമ്മാണ പൈതൃകവും ആധുനിക സാങ്കേതികവിദ്യയും ഒത്ത്ചേർത്താണ് ഇവോക്ക് 2.0 വാച്ചുകൾ നിർമ്മിച്ചത്. 43 എംഎം പ്രീമിയം റൗണ്ട് മെറ്റൽ കെയ്സും ബ്രില്യന്റ് സൂപ്പർ അമോലെഡ് ഡിസ്പ്ലേയുമായാണ് ഇവോക്ക് 2.0 എത്തുന്നത്. 466×466 റെസല്യൂഷനും 1000 നിറ്റ്സ് വരെ ബ്രൈറ്റ്നസുമുള്ള 1.32 ഇഞ്ച് സ്ക്രീൻ ഔട്ട്ഡോറുകളിൽ പോലും കൃത്യമായ കാഴ്ച ഉറപ്പാക്കുന്നു. ഡ്യുവൽടോൺ മാഗ്നറ്റിക് സ്ട്രാപ്പ്, പ്രധാന ഫീച്ചറുകളിലേക്ക് പെട്ടന്നുള്ള ആക്സസ് ലഭ്യമാക്കുന്ന ടാക്ടൈൽ ബട്ടണുകൾ, 3ഡി ഡൈനാമിക് വാച്ച് ഫേസുകൾ, ഫ്ളൂയിഡിക് യൂസർ ഇന്റർഫേസ്, ശക്തമായ പ്രോസസർ എന്നിവയാണ് ഇവോക്ക് 2.0 ന്റെ മറ്റ് പ്രധാന സവിശേഷതകൾ. കൂടാതെ ആപ്പിൾ, ആൻഡ്രോയിഡ് പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ ടൈറ്റൻ സ്മാർട്ട് ആപ്പിലൂടെ 24×7 ഹൃദയമിടിപ്പ് നിരീക്ഷണം, രക്തത്തിലെ ഒക്സിജൻ നിലയുടെ അളവ്, വിശദമായ ഉറക്ക വിശകലനം എന്നവയും സാധ്യമാകും. 8499 രൂപ വിലയുള്ള ടൈറ്റൻ ഇവോക്ക് 2.0 ഗ്ലേസിയർ ബ്ലൂ, ടൈഡൽ ബ്ലൂ, കൊക്കോ ബ്രൗൺ എന്നീ നിറങ്ങളിലുള്ള മൂന്ന് വ്യത്യസ്ത ഡ്യുവൽടോൺ മെറ്റൽ സ്ട്രാപ്പുകളിലാണ് വരുന്നത്. ഇവോക്ക് 2.0 വാച്ച് ശേഖരം ടൈറ്റൻ വേൾഡ്, ഫാസ്റ്റ്ട്രാക്ക്, ഹീലിയോസ് സ്റ്റോറുകൾ, തിരഞ്ഞെടുത്ത പ്രീമിയം റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിലും ഓൺലൈനായി ০০০.ശേമേി.രീ.ശി എന്ന വെബ്സൈറ്റിലും പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ്, സ്മാർട്ട് വെയറബിൾസ് ബിസിനസ് ഹെഡ് ശ്രീനിവാസൻ കൃഷ്ണമൂർത്തി പറഞ്ഞു.

പ്രീമിയം ഫാഷനെ ഏറ്റവും പുതിയ സാങ്കേതികവിദ്യയുമായി സമന്വയിപ്പിക്കുന്ന സ്മാർട്ട് വാച്ചുകൾ സൃഷ്ടിക്കുക എന്ന തങ്ങളുടെ കാഴ്ചപ്പാട് ഇവോക്ക് 2.0 ലൂടെ ടൈറ്റൻ സ്മാർട്ട് വീണ്ടും ഉറപ്പിക്കുകയാണെന്ന് ശ്രീനിവാസൻ കൃഷ്ണമൂർത്തി പറഞ്ഞു.

# എൻഫസ്റ്റ് ഇലക്ട്രിക് സ്കൂട്ടർ വിപണിയിൽ

**കൊച്ചി:** നുമെറോസ് മോട്ടോഴ്സിന്റെ രണ്ടാമത്തെ ഇലക്ട്രിക് ഇരുചക്ര വാഹനമായ എൻഫസ്റ്റ് വിപണിയിൽ അവതരിപ്പിച്ചു. 64,999 രൂപ പ്രാരംഭ വിലയിൽ പുറത്തിറങ്ങുന്ന എൻഫസ്റ്റ് സ്ഥിര നഗരയാത്രക്കാരായ യുവാക്കളെയും പ്രത്യേകിച്ച് വനിതകളെയും ലക്ഷ്യമിട്ടാണ് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് നുമെറോസ് മോട്ടേഴ്സ് സ്ഥാപകനും സി.ഇ.ഒയുമായ ശ്രേയസ് ഷിബുലാൽ പറഞ്ഞു. ബൈക്കിന്റെ സ്ഥിരതയും സ്കൂട്ടറിന്റെ സൗകര്യവും സമന്വയിപ്പിച്ചിരിക്കുന്നുയെന്നത് ഇതിന്റെ പ്രത്യേകതകളിലൊന്നാണ്. ആദ്യത്തെ 1,000 ഉപഭോക്താക്കൾക്കു വേരിയന്റുകൾ വ്യത്യാസമില്ലാതെ പ്രാരംഭ വിലയിൽ എൻഫസ്റ്റ് സ്വന്തമാക്കാം. ഇറ്റാലിയൻ ഡിസൈൻ ഹൗസായ വീ ലാബ്സിന്റെ സഹകരണത്തോടെ രൂപകൽപ്പന ചെയ്ത ഈ വാഹനത്തിൽ, മേക്ക് ഇൻ ഇന്ത്യ എഞ്ചിനീയറിംഗ് മികവിനൊപ്പം ആഗോള ഡിസൈൻ ശൈലിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എൻഫസ്റ്റിന്റെ 5 വേരിയന്റുകളും ട്രാഫിക് റെഡ്, പ്യൂർ വൈറ്റ് എന്നീ രണ്ട് നിറങ്ങളിലും



ലഭിക്കും. മികച്ച വേരിയന്റായ 3 കെഡബ്ല്യുഎച്ച് ഐമാക്സ്പ്ലസ് മോഡൽ 109, 2.5 കെഡബ്ല്യുഎച്ച് മാക്സ്, ഐമാക്സ് മോഡലുകൾ ലിക്വിഡ് ഇമ്മർഷൻ കൂൾഡ് ലിഥിയംഅയൺ ബാറ്ററികളോടുകൂടി 91 കിലോമീറ്റർവരെയും സഞ്ചാരദൂരം വാഗ്ദാനം ചെയ്യുന്നു. 2.5 കെഡബ്ലിയുഎച്ച് മോഡലിന് ഏകദേശം 5മുതൽ 6 മണിക്കൂറും, 3.0 കെഡബ്ലിയുഎച്ച് മോഡലിന് 7മുതൽ 8 മണിക്കൂറും 100 % ചാർജിങിന് ആവശ്യമാണ്. 16 ഇഞ്ച് വലിപ്പമുള്ള വീലുകൾ ഉപയോഗിക്കുന്നതിനാൽ സാധാരണ സ്കൂട്ടറുകളെക്കാൾ മികച്ച സ്ഥിരതയും നിയന്ത്രണ ശേഷിയും ലഭിക്കുന്നു.ദീർഘകാലം നിലനിൽക്കുന്ന പ്ലാറ്റ് ഫോം 109 കിലോമീറ്റർ എന്ന സർട്ടിഫൈഡ് ഐഡിസി റേഞ്ച് ഉറപ്പാക്കുന്നു, മോഷണം അതല്ലെങ്കിൽ വാഹനം വലിച്ചുകൊണ്ടുപോകൽ തുടങ്ങിയ സംഭവങ്ങളിൽ ഉടനടി അലർട്ട് നൽകുന്ന ഡിറ്റക്ഷൻ സംവിധാനം, റിമോട്ട് ലോക്കിംഗ്, ജിയോഫെൻസിംഗ്, അഡ്വാൻസ്ഡ് തർമൽ മാനേജ്മെന്റ് സിസ്റ്റം, ലൈവ് ലൊക്കേഷൻ ട്രാക്കിംഗ്, ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള റൈഡ് ഇൻസൈറ്റ്സ് എന്നിവ ഉൾപ്പെടെ. വാഹനത്തിന്റെ ഐഒടി പ്ലാറ്റ്ഫോമും ആപ്പ് തുടങ്ങിയ നിരവധി സുരക്ഷാ സവിശേഷതകൾ ഉപയോക്താക്കൾക്ക് ഉറപ്പ് നൽകുന്നുണ്ട്. numerosmotors.comൽ ബുക്കിംഗ് ആരംഭിച്ചു കഴിഞ്ഞുവെന്നും ശ്രേയസ് ഷിബുലാൽ പറഞ്ഞു.

# മലബാർ ഗോൾഡിന്റെ ഹംഗർ ഫ്രീ വേൾഡ് പദ്ധതി

**കൊച്ചി:** മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ ഹംഗർ ഫ്രീ വേൾഡ് കാമ്പയിൻ എത്യോപ്യയിലേക്കും വ്യാപിപ്പിക്കുന്നു. ദുബായ് ഗോൾഡ് സൂക്കിലെ മലബാർ ഇന്റർനാഷണൽ ഹബ്ബിൽ നടന്ന ചടങ്ങിൽ മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ കെ.പി അബ്ദുൾ സലാം.



ദുബായിലെ എത്യോപ്യ കോൺസൽ ജനറൽ അസ്മെലാഷ് ബെക്കെലെയ്ക്ക് ലെറ്റർ ഓഫ് ഇന്റന്റ് കൈമാറി. ഇന്ത്യയിലും സാംബിയയിലും ഏറെ ശ്രദ്ധ കൈവരിച്ചതിനു പിന്നാലെയാണ് എത്യോപ്യയിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നത്. മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ ഏറ്റവും ശ്രദ്ധേയമായ ഇഎസ്ജി പരിസ്ഥിതി, സാമൂഹിക, ഭരണനിർവഹണം സംരംഭങ്ങളിൽ ഒന്നാണ് ഹംഗർ ഫ്രീ വേൾഡ്. നിലവിൽ ആഗോള തലത്തിൽ 119ഓളം സ്ഥലങ്ങളിൽ നിത്യേന 1,15,000 പേർക്കാണ് പദ്ധതി പ്രകാരം ഭക്ഷണം നൽകുന്നത്. സാംബിയയിലെ മൂന്ന് സ്കൂളുകളിലായി 2024 മേയ് മുതൽ ഒൻപത് ലക്ഷം ഭക്ഷണപ്പൊതികൾ വിതരണം ചെയ്തിട്ടുണ്ട്. ഇത് ഫലം കണ്ടതിനെ തുടർന്നാണ് എത്യോപിയയിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കുന്നത്. ഉത്തരവാദിത്തമുള്ള ഒരു ജ്വല്ലറി എന്ന നിലയിൽ ബിസിനസിനേക്കാളുപരി തങ്ങൾ നിലനിൽക്കുന്ന സമൂഹത്തിനോടുള്ള കടമ നിറവേറ്റുന്നതാണ് ഇത്തരം പദ്ധതികളെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു. എത്യോപ്യൻ സർക്കാരുമായി പങ്കാളിത്തത്തിൽ ഏർപ്പെടുന്നതോടെ അടുത്ത രണ്ട് വർഷത്തിനുള്ളിൽ 8.64 ലക്ഷം ഡോളറിന്റെ നിക്ഷേപം നടത്താനാണ് ബ്രാൻഡിന്റെ തീരുമാനം. 2026ന്റെ അവസാനത്തോടെ 10,000 കുട്ടികൾക്ക് പ്രതിദിനം പോഷകസമൃദ്ധമായ ഭക്ഷണം നൽകാനും വിദ്യാഭ്യാസ രംഗത്ത് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും പദ്ധതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com